(സി) വ്യാജവാറ്റ് സംബന്ധിച്ച് വിവരം ലഭിച്ചാലുടൻ സ്ഥലത്തെത്തി അതു കണ്ടുപിടിക്കുന്നതിന് ആവശ്യമായ വാഹനത്തിന്റെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്തു നടപടിയാണ് കൈക്കൊണ്ടിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) 2002-2003, 2003 മേയ് മാസം വരെ പ്രസ്തുത റേഞ്ചിൽ എത്ര കേസ്സുകൾ എടുത്തിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) അടുത്തകാലത്ത് ലഭിച്ചതായി കാണുന്നില്ല.

(ബി) വ്യാജവാറ്റ് വ്യാജ മദ്യകടത്ത് എന്നിവ സംബന്ധിച്ച് പൊതു ജനങ്ങളിൽ നിന്നും പരാതി ലഭിച്ചാൽ സത്വര നടപടി സ്വീകരിക്കുന്നതിനുള്ള സംവിധാനം ഇപ്പോൾ നിലവിലുണ്ട്. വ്യാജമദ്യം കടത്തുന്നത് തടയുന്നതിനായി എക്സൈസ് സർക്കിൾ അടിസ്ഥാനത്തിൽ രാത്രികാല പട്രോളിംഗ് നടത്തുന്നുണ്ട്. കൂടാതെ ബാലുശ്ശേരി റേഞ്ച് ഉൾപ്പെടുന്ന പേരാമ്പ്ര സർക്കിൾ ഓഫീസിന് കീഴിൽ വ്യാജ മദ്യ നിർമ്മാണം, കടത്ത്/ വിൽപ്പന എന്നിവ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനുമായി പ്രത്യേക കൺട്രോൾ റൂം 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എല്ലാ ഓഫീസുകളിലും വാഹനങ്ങൾ എത്തിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.

(ഡി) 2002 - 2003 വർഷത്തിൽ ആകെ 55 കേസുകളും, 2003 ഏപ്രിൽ, മേയ് മാസങ്ങളിലായി 9 കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

റേഷൻ വിതരണം മുടങ്ങാതിരിക്കാൻ നടപടി

54 (1108) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. എൻ രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റേഷൻ വിതരണം മുടങ്ങാതിരിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ ;

(ബി) നിലവിലുള്ള പൊതുവിതരണ സമ്പ്രദായം തുടർന്നു കൊണ്ടുപോകുന്നതിന് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) ഗോതമ്പ്, മണ്ണെണ്ണ, പഞ്ചസാര എന്നിവയുടെ സംസ്ഥാന വിഹിതം കുറഞ്ഞുപോകുന്നത് പൊതു വിതരണ സമ്പ്രദായത്തെ ബാധിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ടെങ്കിൽ വിഹിതം കൂട്ടിത്തരണമെന്ന സംസ്ഥാന ഗവൺമെന്റിന്റെ ആവശ്യത്തോടുള്ള കേന്ദ്ര നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്ത് റേഷൻഷോപ്പുകളുടെ എണ്ണം കുറഞ്ഞു വരുന്നതും ഷോപ്പുകൾ ഏറ്റെടുത്തു നടത്താൻ ആരും തയ്യാറാകാത്തതുമായ സ്ഥിതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതു മാറ്റിയെടുക്കുന്നതിനും സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം കുറ്റമറ്റവിധത്തിൽ നടത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; സംസ്ഥാനത്ത് റേഷൻ ഷോപ്പുകളിലൂടെ വിതരണം ചെയ്യുന്ന അരി ഉൾപ്പെടെയുള്ളവയ്ക്ക് സബ്സിഡി കൊടുക്കുന്നുണ്ടോ ; കൊടുത്തുകൊണ്ടിരുന്ന സബ്സിഡികൾ ഏതെങ്കിലും നിറുത്തലാക്കിയിട്ടുണ്ടോ ?

ഉത്തരം

(എ) റേഷൻ വിതരണത്തിനാവശ്യമായ ഭക്ഷ്യധാന്യങ്ങളുടെ സ്റ്റോക്ക് യഥാസമയം ലഭ്യമാക്കുന്നതിനും അവയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും അവ കാർഡുടമകൾക്ക് മുടക്കം കൂടാതെ വിതരണം ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും വേണ്ടി എല്ലാതലത്തിലും നിരന്തരം ജാഗ്രത പുലർത്തി വരുന്നുണ്ട്. ഫുഡ് കോർപ്പറേഷനുമായി നിരന്തരം ബന്ധം പുലർത്തി വിതരണം ചെയ്യപ്പെടുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തിയിട്ടുണ്ട്.

റേഷൻ വ്യാപാരികൾക്ക് പൊതു വിതരണ രംഗത്ത് മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നതിന് സഹായകമാകും വിധം അവരുടെ കമ്മീഷനിൽ അടുത്ത കാലത്ത് വർദ്ധന വരുത്തിയിട്ടുമുണ്ട്.

(ബി) കാർഡുടമകളെ എ. പി. എൽ, ബി. പി. എൽ. എന്ന് തരംതിരിച്ച് എ.പി.എൽ. വിഭാഗങ്ങൾക്കുള്ള റേഷൻ സബ്സിഡി കേന്ദ്ര സർക്കാർ വളരെയധികം കുറച്ചതുകൊണ്ട് എ. പി. എൽ. അരിയുടെ വിലയും മാർക്കറ്റ് വിലയും തമ്മിൽ വലിയ അന്തരം ഇല്ലാതായി. ഇതുകാരണം 67 ശതമാനം എ.പി.എൽ. കാർഡുടമകൾക്ക് റേഷൻ സമ്പ്രദായത്തിന്റെ പ്രയോജനം പ്രതീക്ഷിക്കുന്നതു പോലെ ലഭിക്കാതായി. ഈ വിഭാഗം കാർഡുടമകൾ റേഷൻ കടകളിൽ നിന്ന് അകന്നുപോകുന്നതാണ് പൊതുവിതരണ രംഗം ഇന്ന് നേരിടുന്ന പ്രധാന പ്രശ്നം. എ.പി.എൽ., ബി.പി.എൽ. തരംതിരിവില്ലാതെ എല്ലാകാർഡുടമകൾക്കും സ്വീകാര്യമായ ഒരു 'യൂണിവേഴ്സൽ' വില സമ്പ്രദായം കൊണ്ടുവരണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അനുകൂല മറുപടി ലഭിച്ചിട്ടില്ല. ഗുണനിലവാരമുള്ള അരി വിതരണം ചെയ്ത് കൂടുതൽ ഗുണഭോക്താക്കളെ റേഷൻ കടകളിലേയ്ക്ക് ആകർഷിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി & ഡി) ഗോതമ്പിന്റേയും പഞ്ചസാരയുടേയും വിഹിതം കുറച്ചിട്ടില്ല. മണ്ണെണ്ണയുടെ വിഹിതം കുറച്ചിട്ടുണ്ടെങ്കിലും അത് പൊതുവിതരണ സമ്പ്രദായത്തെ ബാധിച്ചിട്ടുണ്ടെന്നു പറയാനാവില്ല. ഓരോ വർഷവും കൂടുതൽ പാചകവാതക കണക്ഷനുകൾ അനുവദിക്കുന്ന സാഹചര്യം കണക്കിലെടുത്ത്, കുറച്ചിട്ടുള്ള മണ്ണെണ്ണയുടെ വിഹിതം പുനഃസ്ഥാപിച്ചു നൽകാൻ കഴിയില്ലെന്നാണ് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സംസ്ഥാനത്ത് റേഷൻ കടകളുടെ എണ്ണം കുറഞ്ഞുവരുന്നില്ല. മാത്രമല്ല ഏതെങ്കിലും കാരണത്താൽ റേഷൻ കടകളുടെ ലൈസൻസി ഒഴിയുകയാണെങ്കിൽ ആ ലൈസൻസ് ലഭിക്കാൻ പുതിയ അപേക്ഷകരുടെ എണ്ണത്തിലും കുറവില്ല. ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകിക്കൊണ്ട് റേഷൻ കടകൾ ലാഭകരമായി നടത്തികൊണ്ടുപോകാൻ ബുദ്ധിമുട്ടുണ്ടെന്നു കണ്ടതിനാൽ ചില സഹകരണ സംഘങ്ങൾ നടത്തി കൊണ്ടിരുന്ന റേഷൻ കടകൾ തുടർ നടത്തിപ്പിനായി അവിടത്തെ സെയിൽസ്മാൻമാരെ അവരുടെ സമ്മതത്തോടെ ഏല്പിച്ചിട്ടുണ്ട്. റേഷൻ സാധനങ്ങൾക്ക് സംസ്ഥാന സർക്കാർ സബ്സിഡി നൽകുന്നില്ല. എന്നാൽ കേന്ദ്ര സർക്കാർ റേഷൻ ധാന്യങ്ങൾ നൽകുന്നത് സബ്സിഡി നിരക്കിലാണ്. എന്നാൽ മുമ്പ് നൽകിയിരുന്ന സബ്സിഡി 2000 ആണ്ടിൽ കേന്ദ്ര സർക്കാർ കുറച്ചിട്ടുണ്ട്.

റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ ശരാശരി വില്പന

55 (1109) ശ്രീമതി പി. കെ. ശ്രീമതിടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001 ഏപ്രിൽ മാസത്തിൽ കേരളത്തിലെ റേഷൻകടകൾ വഴി വിതരണം ചെയ്തിരുന്ന അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ എന്നിവയുടെ വില എത്രയായിരുന്നു ;

(ബി) ഇപ്പോഴത്തെ വിലയെത്രയാണ് ;

(സി) റേഷൻകട വഴി വിതരണം ചെയ്യുന്ന പ്രസ്തുത സാധനങ്ങളുടെ 2000-ലെ പ്രതിമാസ ശരാശരി വിൽപ്പനയും നിലവിലുള്ള പ്രതിമാസ ശരാശരി വിൽപ്പനയും എത്രയാണെന്ന് ഇനംതിരിച്ച് കണക്കുകൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) 2001 ഏപ്രിൽ മാസത്തിലെ റേഷൻ സാധനങ്ങളുടെ വില ചുവടെ ചേർക്കുന്നു :

അരി (കിലോഗ്രാമിന്)

ബി. പി. എൽ.	6 രൂപ 20 പൈസ
എ. പി. എൽ. (നോർമൽ)	11 രൂപ 90 പൈസ
എ. പി. എൽ. (സബ്സിഡി)	10 രൂപ
ഗോതമ്പ്	8 രൂപ 90 പൈസ
പഞ്ചസാര	13 രൂപ 35 പൈസ
മണ്ണെണ്ണ (ലിറ്ററിന്)	7 രൂപ 80 പൈസ മുതൽ 7 രൂപ 90 പൈസ വരെ

LIBRARY ARCHIVES Kerala Legislative Assembly